**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 867** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>മത്സ്യബന്ധന തുറമുഖങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളെ ആധുനികവത്കരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന വിശദമാക്കുമോ;

**<u>മറുപടി:</u>** മത്സ്യബന്ധന തുറമുഖങ്ങളെ ആധുനികവത്ക്കരിക്കാൻ നടപടി സ്വീകരിക്കും. PMMSY, FIDF, NABARD എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കാനായി നിലവിൽ പ്രൊപ്പോസലുകൾ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കാലാകാലങ്ങളിൽ മത്സ്യബന്ധന തുറമുഖങ്ങൾക്ക് ആവശ്യമായി വരുന്ന ആധുനികവത്ക്കരണ പ്രൊപ്പോസലുകൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തയാറാക്കി സമർപ്പിക്കുന്നതാണ്.

**(ബി)** കേരളത്തിൽ എത്ര മത്സ്യബന്ധന തുറമുഖങ്ങൾ ഉണ്ടെന്നും അവയിൽ പ്രവർത്തനക്ഷമമല്ലാത്തത് ഏതൊക്കെയാണെന്നും അറിയിക്കുമോ; അവയെ പ്രവർത്തനക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** 26 മത്സ്യബന്ധന തുറമുഖങ്ങളാണ് നിലവിലുള്ളത്. 23 മത്സ്യബന്ധന തുറമുഖങ്ങൾ പ്രവർത്തനക്ഷമമാണ്. ശേഷിക്കുന്ന 3 മത്സ്യബന്ധന തുറമുഖങ്ങളായ ആലപ്പുഴ ജില്ലയിലെ ചെത്തി, അർത്തുങ്കൽ ഹാർബറുകൾ, മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി ഹാർബർ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ആയത് പൂർത്തിയാകുന്നതോടെ 26 മത്സ്യബന്ധന തുറമുഖങ്ങളും പ്രവർത്തനക്ഷമമാകുന്നതാണ്.

**സെക്ഷൻ ഓഫീസർ**